# പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 569**

**07.01.2014 ലെ മറുപടിക്ക്**

ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി എം.എൽ.എ | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ലഭ്യമായ ഭരണാനുമതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കാമോ ? | വിവരം അനുബന്ധമായി ചേർക്കുന്നു |

| | | |
|---|---|---|
| (സി) | നിലവിൽ പഞ്ചായത്ത് കമ്മിറ്റി / നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ വീണ്ടും തദ്ദേശ സ്വയം ഭരണവകുപ്പിന്റെ ഭരണാനുമതി വാങ്ങണം എന്ന് പറയുന്നത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആറ് മാസത്തോളം കാലതാമസത്തിന് ഇടയാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്ക കൈമാറ്റപ്പെട്ട ആസ്തികളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നവയാണ്. അത്തരം പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് വഴി നടത്തുന്നത് ആശാസ്യമല്ല. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിക്ഷിപ്തമാണ്. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ പൊതുമരാമത്ത് വകുപ്പിനെ അധികാരപ്പെടുത്തുന്നത് ഉചിതമായിരിക്കില്ല. പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ഡെപ്പോസിറ്റ് വർക്കായി ചെയ്യിപ്പിക്കുന്നതിന് തടസ്സമുണ്ടാകുകയില്ല. |
| (ഡി) | ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പഞ്ചായത്തിന്റെ അംഗീകാരത്തോടെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**